(ബി) സംസ്ഥാന സർക്കാർ ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റെയിൽവേയാണ് ഇതുസംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടത്.

ഊട്ടറയിൽ റെയിൽവേ മേൽപ്പാലം

36 (5840) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഊട്ടറയിൽ റെയിൽവേ മേൽപ്പാലം അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇതേപ്പറ്റി പൊതുമരാമത്ത് വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

കാഞ്ഞങ്ങാട് റെയിൽവേസ്റ്റേഷൻ നവീകരണം

37 (5841) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് റെയിൽവേസ്റ്റേഷൻ നവീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) യാത്രക്കാർക്ക് ടോയ്‌ലറ്റ്, റസ്റ്റ്റൂം സൗകര്യങ്ങൾ ഒരുക്കുന്നതിനും അവ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിൽ സ്ഥാപിച്ചിട്ടുള്ള പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) റെയിൽവേസ്റ്റേഷനുകൾ നവീകരിക്കേണ്ടതിന് നടപടികൾ സ്വീകരിക്കേണ്ടതും യാത്രക്കാർക്ക് ടോയ്‌ലറ്റ്, റസ്റ്റ്റൂം സൗകര്യങ്ങൾ ഒരുക്കേണ്ടതും റെയിൽവേയാണ്.

LIBRARY ARCHIVES Kerala Legislative Assembly

2015-16-ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിൽ ബഹു. എം.പി.-മാർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ ഭാഗമായി കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷൻ നവീകരണത്തിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ഇക്കാര്യം വീണ്ടും റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(സി) രണ്ട് പോലീസുകാരെ നിയമിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസ് എയ്ഡ്പോസ്റ്റ് 5-2-2015 മുതൽ കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിൽ പ്രവർത്തിച്ചു വരുന്നു.

കഞ്ചിക്കോട് റെയിൽവേ കോച്ച്ഫാക്ടറി

38 (5842) ശ്രീ. എം. ചന്ദ്രൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഞ്ചിക്കോട് റെയിൽവേ കോച്ച്ഫാക്ടറി, നിലവിലെ സാഹചര്യത്തിൽ എന്ന് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത കോച്ച്ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിന് സമീപകാലത്ത് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോച്ച്ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിന് നിലവിലെ തടസ്സമെന്തെന്നും പ്രസ്തുതതടസ്സം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഫാക്ടറി JV/PPP രീതിയിൽ നിർമ്മിക്കാനാണ് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. 239 ഏക്കർ ഭൂമി ഇതിനായി സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഫാക്ടറി സ്ഥാപിക്കുന്നതിനായി സ്വകാര്യ സംരംഭകനെ കേന്ദ്രസർക്കാർ തീരുമാനിച്ച് പദ്ധതി നിർമ്മാണം ആരംഭിച്ചതിനുശേഷമേ ഫാക്ടറി എന്നുപൂർത്തിയാകുമെന്ന് അറിയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly